**THE PLANTATION CORPORATION OF KERALA LTD**
(An ISO 9001:2015 Certified Company under Government of Kerala)
REGISTERED OFFICE: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301, 2578302, 2578303, 2578304, 2578164 (GMO) Fax: 0481.2578448 Web: www.pcklimited.in E-mail: pckltd@bsnl.in , pckoperations@gmail.com

GSTIN No: 32AAACT7596H2Z2
PRO/F201/OP/1086 21.06.2023

## ടെണ്ടർ നോട്ടീസ്

### ഓയിൽ പാം റീപ്ലാന്റിംഗ്- ഇ-ടെൻഡർ/സീൽഡ് ടെൻഡർ

പ്ലാന്റേഷൻ കോർപ്പറേഷന്റെ ഓയിൽ പാം എസ്റ്റേറ്റിൽ 2023-ൽ ഓയിൽ പാം റീപ്ലാന്റിംഗ് ചെയ്യേണ്ടുന്ന ഡിവിഷൻ D ഏരിയായിലെ ഏകദേശം 60.40 ഹെക്ടർ സ്ഥലം കാട് വെട്ടിക്കൂട്ടി ഒരു ഭാഗത്തേക്ക് കൂട്ടിവച്ച് ഏരിയ വൃത്തിയാക്കി തരുന്ന തിന് താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി മത്സരാടിസ്ഥാനത്തിലുള്ള ഇ-ടെൻഡർ/സീൽഡ് ടെൻഡർ ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ-**

1. പ്രസ്തുത ഏരിയായിലെ കാട് പൂർണ്ണമായും(റോഡ്, ഇടവഴികൾ, പാച്ചസ് ഉൾപ്പെടെ)വെട്ടിക്കൂട്ടി ഒരു ഭാഗത്തേക്ക് കൂട്ടിവച്ച് ഏരിയ വൃത്തിയാക്കി തരേണ്ട താണ്.
2. മേൽപ്രകാരം ഒരു ഹെക്ടർ സ്ഥലം കാട് വെട്ടിക്കൂട്ടി ഒരു ഭാഗത്തേക്ക് കൂട്ടിവച്ച് ഏരിയ വൃത്തിയാക്കി തരുന്നതിന് കോർപ്പറേഷൻ കരാറുകാരന് നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെണ്ടറിൽ കാണിക്കേണ്ടത്.
3. ടെണ്ടർ സമർപ്പിക്കുന്നതിനുമുൻപായി കരാർ പ്രകാരമുള്ള നിശ്ചിത പ്രവർത്തികൾ ചെയ്യേണ്ട സ്ഥലം നേരിൽ കണ്ട് ചെയ്യേണ്ട ജോലി, ഭൂമിയുടെ നിൽപ്പ്, അവസ്ഥ എന്നിവ മനസിലാക്കിയിരിക്കേണ്ടതാണ്.
4. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇഅല്ലെങ്കിൽ ,ടെണ്ടർ മുഖാന്തിരവും- സാധാരണ ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്. ഇ-ദർഘാസും, ദർഘാസും സമർപ്പിക്കേണ്ട അവസാന തീയതി 05.07.2023-ന് 10.30 AM വരെയാണ്തുടർന്ന് . അന്നേദിവസം 11.00 AM-ന് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച ദർഘാസ്സുകൾ ഓയിൽപാം എസ്റ്റേറ്റ് ഓഫീസിൽവെച്ച് തുറക്കുന്നതാണ്ദർഘാസ്സുകൾ -ഇ . ദർഘാസ്സ് തുറക്കുന്ന-ഇ .പിസികെ ഹെഡോഫീസിൽവെച്ച് തുറക്കുന്നതുമാണ് തീയതി 06.07.2023-ന് 11.00 AM ആണ് .തുടർന്ന് രണ്ടു ദർഘാസിലും കൂടി ലഭിച്ച ഏറ്റവും കുറഞ്ഞ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്. ഇടെൻഡറിൽ പങ്കെടുക്കുവാൻ -
    താൽപ്പര്യമുള്ളവർhttps://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക .ഇടെണ്ടർ അല്ലാതെ സാധാരണ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ- നേരിട്ട് 105രൂപ ഫീസടച്ച്-, ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ്

ഓഫീസിൽ നിന്നോ, ഓയിൽ പാം എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ തുറക്കുന്നതിന്റെ തലേദിവസം വൈകിട്ട് നാലുമണിക്ക് മുൻപായി വാങ്ങേണ്ടതാണ്ടെണ്ടർ-ഇ ./ സാധാരണ ടെണ്ടർ മുഖാന്തിരം പങ്കെടുക്കുന്നവർ ടെണ്ടർ നിരതദ്രവ്യമായി 5,000 രൂപ ഡിമാൻഡ് ഡ്രാഫ്റ്റ് ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്. ദർഘാസ്സ് നമ്പർമേൽ വിലാസം ,പേര് ,തുറക്കുന്ന തീയതി , എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറുകൾ ദർഘാസ് വ്യവസ്ഥകളിൽ ഒപ്പ് രേഖപ്പെടുത്തി , ടെണ്ടർ നിരതദ്രവ്യം അടച്ച ,പാൻകാർഡ് എന്നിവയുടെ കോപ്പികളും ,തിരിച്ചറിയൽ രേഖ D.D. യും സഹിതം- ടെൻഡർ തുറക്കുന്ന ദിവസം 10. 30AM-ന് മുൻപായി ഓയിൽ പാം എസ്റ്റേറ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഓയിൽപാം എസ്റ്റേറ്റ് (0480 2769091, 9496076047), കോട്ടയം ഹെഡ് ഓഫീസ് (0481-257830104, 9496076004) എന്നിവിടങ്ങളിൽ നിന്നും അറിയാവുന്നതാണ്.

5. ടെൻഡർ ഉറപ്പിച്ചുകിട്ടുന്നയാൾ, അറിയിപ്പ് കിട്ടിയാൽ, 3 ദിവസത്തിനുള്ളിൽ, ടെൻഡറിൽ രേഖപ്പെടുത്തിയ ഒരു (ഹെക്ടർ ഏരിയക്കുള്ള) തുക, അകെ ഹെക്ടറുമായി ഗുണിച്ചുകിട്ടുന്ന തുകയുടെ 5% തുകയോ, 50,000 രൂപയോ, ഇവയിൽ ഏതാണോ കുറവ്, ആയത് കരുതൽധനമായി കോർപ്പറേഷനിൽ കെട്ടിവെക്കേണ്ടതും 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതുമാണ്
6. എഗ്രിമെന്റ് തിയതി മുതൽ 30 ദിവസങ്ങൾക്കകം ജോലി പൂർത്തീകരിക്കേണ്ട താണ്. നിശ്ചിത കാലാവധിക്കുള്ളിൽ കരാർ പ്രകാരമുള്ള പ്രവർത്തികൾ പൂർത്തിയാക്കാത്ത പക്ഷം ടെണ്ടർ തുകയുടെ 1% പിഴ ഈടാക്കി ടി-പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് 10 ദിവസത്തേക്കുകൂടി അനുമതി നൽകാവുന്നതാണ്. തുടർന്ന് ഈ കാലാവധിയിലും ജോലി തീർക്കാതിരിക്കുകയോ കരാർ ജോലി പൂർത്തീകരിക്കാതെ ഉപേക്ഷിക്കുകയോ, ജോലി തൃപ്തികരമായി പുരോഗമിക്കാതിരിക്കുകയോ ചെയ്താൽ ടി കരാർ റദ്ദുചെയ്യുന്നതും, കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും ടിയാൻ അടച്ചിട്ടുള്ള എല്ലാ സംഖ്യകളും, കണ്ടുകെട്ടി കോർപ്പറേഷൻ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. കൂടാതെ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർക്രമീകരണം ഏർപ്പെടുത്തി ടി പ്രവർത്തികൾ പൂർത്തിയാക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്. ആയതിലേക്ക് ഉണ്ടാകാവുന്ന സകലവിധ ചെലവുകളും, നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്.
7. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്ന തിനുമുള്ള അധികാരം കോർപ്പറേഷൻ മാനേജ്മെന്റിൽ നിക്ഷിപ്തമായിരിക്കും.
8. കരാർ ജോലിക്കാവശ്യമായ പണിക്കാരേയും, പണിയായുധങ്ങളും കരാറുകാരൻ സ്വന്തം ചിലവിൽ ഏർപ്പാടാക്കേണ്ടതും, അവരുടെ സേവന വേതന വ്യവസ്ഥകളിൽ കോർപ്പറേഷന് യാതൊരു വിധ ബാദ്ധ്യതയും ഇല്ലാത്തതുമാകുന്നു.
9. ടെണ്ടർ പ്രകാരം കരാറുകാരന് ലഭിക്കുന്ന അവകാശം യാതൊരു കാരണ വശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
10. കരാർ കാലയളവിൽ എസ്റ്റേറ്റിനുള്ളിലോ, സമീപ പ്രദേശങ്ങളിലോ കരാറുകാരനോ, കരാറുകാരന്റെ തൊഴിലാളികളോ വന്യ മൃഗങ്ങളെ വേട്ടയാടുകയോ, ആയതിന് സഹായിക്കുകയോ മറ്റെന്തെങ്കിലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയോ ആയതിന് സഹായിക്കുകയോ ചെയ്യാൻ പാടില്ല. ഇതിന് വിപരീതമായി പ്രവർത്തിച്ചാൽ ആയതിന്റെ പരിപൂർണ ഉത്തരവാദിത്വം കരാറുകാരനിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതുമാണ്. കൂടാതെ കരാർ

റദ്ദുചെയ്യുന്നതും, കരാറുകാരൻ അടച്ച മുഴുവൻ തുകയും കോർപ്പറേഷനിലേക്ക് കണ്ടു കെട്ടുന്നതുമായിരിക്കും.

11. കരാറുകാരനിൽ നിന്നോ, ജോലിക്കാരിൽ നിന്നോ കോർപ്പറേഷനോ, കോർപ്പറേഷന്റെ മുതലുകൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ കോർപ്പറേഷൻ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം കരാറുകാരൻ അടയ്ക്കേണ്ടതാണ്.
12. കരാറുകാരന്റെ തൊഴിലാളികളുടെ വേതനം, പ്രോവിഡന്റ് ഫണ്ട് വിഹിതം എന്നീ കാര്യങ്ങളിൽ കോർപ്പറേഷന് യാതൊരു വിധ ഉത്തരവാദിത്തങ്ങളും ഇല്ല. ടിയാന്റെ തൊഴിലാളികളുടെ വേതനം നൽകേണ്ടതും,അതാതുമാസം നിശ്ചിത പ്രൊവിഡന്റ് ഫണ്ട് അടച്ചതുമായി രേഖകൾ സൂക്ഷിക്കേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്വമാണ്. ഇത് സംബന്ധിച്ച് കോർപ്പറേഷന് എന്തെങ്കിലും ബാധ്യതകൾ ഉണ്ടാകുന്ന പക്ഷം നിശ്ചിത തുക 18% പലിശയും, സകല ചെലവുകളും സഹിതം കരാരുകാരനിൽനിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതു മാണ്.
13. എപ്പോൾ വേണമെങ്കിലും യാതൊരു കാരണവും കാണിക്കാതെ ടെണ്ടർ വിജ്ഞാപനം റദ്ദു ചെയ്യുന്നതിനോ, തുടർ നടപടികൾ നിറുത്തിവെയ്ക്കുന്ന തിനോ, മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം കോർപ്പറേഷന് ഉണ്ടായിരി ക്കുന്നതും ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
14. കരാറുകാരൻ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ കരാറിൽ നിന്നും പിൻമാറുകയോ യഥാസമയം ജോലികൾ പൂർത്തിയാക്കാതിരിക്കുകയയോ ചെയ്താൽ കരാർ റദ്ദാക്കി സെക്യൂരിറ്റി തുക കണ്ടു കെട്ടുന്നതും, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റേതെങ്കിലും മാർഗേന ടി കരാർ പ്രകാരമുള്ള ജോലികൾ കോർപ്പറേഷൻ പൂർത്തിയാക്കുന്നതും അതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന നഷ്ടവും മറ്റ് ചിലവുകളും കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടാ യിരിക്കുന്നതുമാണ്.
15. കരാറുകാരൻ ഡിവിഷൻ അധികാരിയുടെ നിർദ്ദേശാനുസരണം മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളൂ. അതുപ്രകാരം ജോലികൾ തൃപ്തികരമായി ചെയ്തു തീർക്കാത്തപക്ഷം പ്രത്യേകമായ ഒററിയിപ്പും നല്കാതെ കരാർ റദ്ദുചെയ്യുന്നതിനാവശ്യമായ നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുന്നതു മായിരിക്കും. ഇതു മൂലം കോർപ്പറേഷന് ഉണ്ടാകാവുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.
16. മേൽപറഞ്ഞ ഏതെങ്കിലും സാഹചര്യത്തിൽ ടെണ്ടർ റദു ചെയ്യുകയോ, മാറ്റി വയ്ക്കുകയോ, വർക്ക് നിറുത്തിവയ്ക്കുകയോ ചെയ്യുന്നതാകയാൽ ആയതിന് യാതൊരു വിധ നഷ്ടപരിഹാരത്തിനും കാരാറുകാരൻ അർഹതയോ, അവകാ ശമോ ഉണ്ടായിരിക്കുന്നതല്ല.
17. നിയമാനുസൃത നികുതികൾ അടയ്ക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
18. പ്ലാന്റേഷൻ കോർപ്പറേഷന്റെ തൊഴിലാളികളോ, മറ്റു ജീവനക്കാരോ, കോർപ്പറേ ഷൻ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവരോ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.
19. കോർപ്പറേഷന്റെ ടെണ്ടറുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ടെണ്ടറിനും ബാധകമായിരിക്കും.
20. ജോലിക്കിടയിലോ അല്ലാതെയോ കരാറുകാരനോ, കരാറുകാരന്റെ തൊഴിലാളി കൾക്കോ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാ ദി. കോർപ്പറേഷനിൽ നിന്നും യാതൊരു നഷ്ടപരിഹാരവും ലഭിക്കുന്നതല്ല.
21. ഡിവിഷൻ അധികാരിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 50% ജോലിയെ ങ്കിലും പൂർത്തീകരിച്ചതിനുശേഷം ചെയ്തു തീർത്ത ജോലിയുടെ 75% തുക

പാർട്ട് പേയ്മെന്റായി ഒരിക്കൽ മാത്രം നൽകുന്നതാണ് കരാർ തുക അക്കൗണ്ട് പേയി ചെക്കായി മാത്രമേ നൽകുകയുള്ളൂ.

22. കരാർ ജോലി തൃപ്തികരമായി പൂർത്തിയാക്കി ഡിവിഷൻ അധികാരിയിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ നൽകുന്നതാണ്. ഡിവിഷൻ D- യിൽ ഏകദേശം 60.40 Ha. ആണെങ്കിലും സർവ്വേ ചെയ്ത് തിരിച്ചതിനു ശേഷം വരുന്ന യഥാർത്ഥ ഏരിയയ്ക്കായിരിക്കും പേയ്മെന്റ് നൽകപ്പെടുക.
23. കരാർ ജോലി തൃപ്തികരമായി പൂർത്തിയാക്കി ഡിവിഷൻ അധികാരിയിൽ നിന്നും ലഭിക്കുന്ന ബാധ്യതാ രഹിത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നൽകുന്നതാണ്.

24. കരാർ വ്യവസ്ഥകൾ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ, തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിംഗ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതാണ്.
25. സർക്കാർ ടെണ്ടറുകൾക്ക് ബാധകമായ എല്ലാ പൊതു വ്യവസ്ഥകളും, നിയമങ്ങളും ഈ ടെണ്ടറിനും ബാധകമായിരിക്കുന്നതുമാണ്.

Sd/-
മാനേജിംഗ് ഡയറക്ടർ

**പ്രഖ്യാപനം: ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ച് മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്യതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

a. ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് വീട്ടുപേര്, കര, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) :

b. ടിയാന്റെ വയസ്സ് :

c. ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ :

d മൊബൈൽ നമ്പർ :

e. അച്ഛന്റെ പേര് :

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും :

സ്ഥലം :

തീയതി :